പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2572 — 12.6.2018 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി.യുടെ ലാഭനഷ്ടക്കണക്കുകൾ

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | കെ.റ്റി.ഡി.സി.യുടെ 2015-16, 2016-17 എന്നീ വർഷങ്ങളിലെ ലാഭനഷ്ടക്കണക്കുകൾ വിശദമാക്കമോ; | എ) | 2015-16 ലെ വിറ്റുവരവ്, പ്രവർത്തന ലാഭം, അറ്റാദായം എന്നിവ യഥാക്രമം 147.65 കോടി, 6.21 കോടി, 1.10 കോടി ആണ്. ഇത് 2016-17 ൽ യഥാക്രമം 139.25 കോടി, 5.82 കോടി, 0.25 കോടി ആണ്. |
| ബി) | 2017-18 വർഷത്തെ പ്രൊവിഷണൽ ഓഡിറ്റ് പ്രകാരം പ്രസ്തുത വർഷം കെ.റ്റി.ഡി.സി. ലാഭകരമാണോ; ഇല്ലെങ്കിൽ നഷ്ടം സംഭവിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | ബി) | 2017-18 വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം വിറ്റുവരവ്, പ്രവർത്തന ലാഭം, അറ്റാദായം എന്നിവ യഥാക്രമം124.85 കോടി, 3.52 കോടി, (-) 3.52 കോടി ആണ്. ഈ വർഷം വിറ്റുവരവിലും, പ്രവർത്തന ലാഭത്തിലും, അറ്റാദായത്തിലും ഉണ്ടായ കുറവിനു കാരണം സുപ്രീം കോടതി ഉത്തരവിൻ പ്രകാരം കെ.ടി.ഡി.സിയിൽ കാലാകാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന 40 ബിയർ പാർലറുകളിൽ 29 എണ്ണം അടച്ചിടേണ്ടി വന്നതാണ്. കൂടാതെ കെ.ടി.ഡി.സി.യുടെ പ്രീമിയം ഹോട്ടലായ വാട്ടർ സ്കേപ്സ്, കുമരകം പൂർണ്ണമായും നവീകരണത്തിനുവേണ്ടി പൂട്ടിയിരിക്കുകയുമായിരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവ ഭാഗികമായി അടച്ച് നവീകരണം നടത്തിയതും വരുമാനം കുറയ്ക്കാനിടയായിട്ടുണ്ട്. |
| സി) | കെ.റ്റി.ഡി.സി. ആരംഭിക്കമെന്ന് പ്രഖ്യാപിച്ച സിറ്റി ടൂർ പദ്ധതിയും കന്യാകുമാരി, തെന്മല ടൂർ പദ്ധതിയും ആരംഭിച്ചിട്ടുണ്ടോ ; | സി) | തിരുവനന്തപുരത്തു നിന്നും തിരുവനന്തപുരം സിറ്റി ടൂറും, കന്യാകുമാരി ടൂറും ആരംഭിച്ചു കൊച്ചിയിൽ നിന്നും കൊച്ചി സിറ്റി ടൂറും ആരംഭിച്ചിട്ടുണ്ട്. തെന്മല ടൂർ പദ്ധതി ആരംഭിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത ടൂർ ലാഭകരമായി നടത്തുന്നതിന് കെ.റ്റി.ഡി.സി.ക്ക് കഴിയുന്നുണ്ടോ? | ഡി) | പ്രസ്തുത ടൂറുകൾ തുടങ്ങിയതേയുള്ളൂ. അവ ലാഭകരമായിട്ടില്ല. |

സെക്ഷൻ ഓഫീസർ